(ഡി) ഇല്ല. പരിസ്ഥിതിയെ ബാധിക്കുന്ന പ്രശ്നങ്ങൾ പ്രസ്തുത റിപ്പോർട്ടിൽ കാര്യമായി പരാമർശിച്ചിട്ടില്ല.

(ഇ) തമിഴ്നാടിന് വെള്ളം നൽകാൻ സംസ്ഥാനത്തെ വനഭൂമി നഷ്ടപ്പെടുന്നതിനുപകരം, വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സ്കീമുകൾ വനം വകുപ്പ് ഉണ്ടാക്കണമെന്നും എന്നാൽ ഇതിനുള്ള ചെലവ് വഹിക്കേണ്ടത് അതത് സംസ്ഥാന ഗവൺമെന്റുകളാണെന്നും ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. എവിടെയാണ് വനം വച്ചു പിടിപ്പിക്കുന്നത് എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല.

തമിഴ്നാട് നടത്തുന്ന ജലചൂഷണം തടയാൻ നടപടി

22 [5985] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം പണി കഴിപ്പിച്ച ഡാമുകളിൽ നിന്ന് എത്ര അളവ് ജലമാണ് ഓരോ വർഷവും തമിഴ്നാട് സംസ്ഥാനത്തിന് നൽകേണ്ടത്;

(ബി) ഇതിൽ എത്ര ജലം തമിഴ്നാട് കഴിഞ്ഞ മൂന്നുവർഷമായി നൽകിവരുന്നു എന്നും നൽകുന്ന അളവിൽ എത്ര കുറവുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കുറവുള്ള ജലം ഈ ഡാമുകളിൽ നിന്ന് വാങ്ങുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനായി തമിഴ്നാട് ഗവൺമെന്റുമായി നടത്തിയ എഴുത്തുകുത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) തിരുവനന്തപുരം, കൊല്ലം, പാലക്കാട്, പത്തനംതിട്ട തുടങ്ങിയ ജില്ലകളിൽ ഇപ്പോൾ ഏതെല്ലാം സ്ഥലങ്ങളിൽ വനമേഖലയുൾപ്പെടെ തമിഴ്നാട് ജലം ചോർത്തുന്നത് നിർത്തിവെയ്ക്കാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്;

(എഫ്) ഈ സ്ഥലങ്ങളിൽ ഏതെല്ലാം വിധത്തിലാണ് ജലം ചോർത്തുന്നത് എന്നും ഇത് തടയുവാൻ ജലസേചന വകുപ്പ് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ജി) ഇതിൽ തമിഴ്നാട് ഗവൺമെന്റിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഈ ജലചൂഷണം തടയാൻ സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം കേരളത്തിന് ഓരോവർഷവും ലഭിക്കേണ്ട ജലത്തിന്റെ അളവ് താഴെകൊടുക്കുന്നു:

(1) ചാലക്കുടി നദീതടത്തിൽ നിന്നും 12.3 ടി.എം. സി. ജലം പ്രതിവർഷം കേരള-ഷോളയാർ പവർഹൗസിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(2) ചിറ്റൂർ പ്രദേശത്തെ കൃഷിക്കായി 7.25 ടി. എം. സി. ജലം (ഉപയോഗ്യ ശൂന്യമായ പ്രളയജലം കൂടാതെ) വർഷംതോറും കേരളാതിർത്തിക്കടുത്ത് തമിഴ്നാട്ടിൽ സ്ഥിതി ചെയ്യുന്ന മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതാണ്.

(3) പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം, എന്നീ ജലസംഭരണികളിലും ലോവർ നീരാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് ലഭിക്കുന്ന ജലത്തിൽ തമിഴ്നാടിന് അവകാശപ്പെട്ട16.5 ടി. എം. സി.-ക്ക് മുകളിൽവരുന്ന ജലത്തിൽനിന്ന് 2.5 ടി. എം. സി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനുവേണ്ടി ലഭ്യമാക്കേണ്ടതും 19 ടി. എം. സി.-ക്കുമുകളിലുള്ള അധിക ജലം ചാലക്കുടി നദീ തടത്തിൽ തുറന്നുവിടേണ്ടതും ആണെന്ന് വ്യവസ്ഥ ചെയ്യുന്നു.

(4) പെരിയാർ തടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തുറന്നുവിടാനും പി. എ. പി. കരാറിൽ വ്യവസ്ഥയുണ്ട്.

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ താഴെ കൊടുക്കുന്നു:

കേരള ഷോളയാർ:				
2000-2001 കരാർ പ്രകാരം ലഭിക്കേണ്ടത്	..	12300	ദശലക്ഷംഘനയടി.	
മുൻവർഷം കൂടുതൽ ഉപയോഗിച്ചത്	..	48	,,	,,
മണക്കടവിലേക്ക് മാറ്റിയെടുത്തത്	..	1000	,,	,,
ബാക്കി	..	11252	,,	,,
ഈ വർഷം ഉപയോഗിച്ചത്	.	11872	,,	,,
കൂടുതൽ ഉപയോഗിച്ചത്	.	620	,,	,,
2001-2002				
മുൻവർഷത്തെ 620 കഴിച്ച് ബാക്കിഅവകാശപ്പെട്ടത്..		11680	,,	,,
ഉപയോഗിച്ചത്	..	10191	,,	,,
ബാക്കി ലഭിക്കേണ്ടത്	..	1489	,,	,,
2002-2003				
മുൻവർഷത്തെ കുറഞ്ഞ ഉപയോഗം കൂട്ടി ചേർത്ത് ആകെ അവകാശപ്പെട്ടത്	..	13789	,,	,,
ഉപയോഗിച്ചത്	..	9050	,,	,,
ബാക്കി വരുംവർഷത്തിൽ ലഭിക്കേണ്ടത്	..	4739	,,	,,
മണക്കടവ്:				
2000-2001				
കരാർ പ്രകാരം ലഭിക്കേണ്ടത്	..	7250	,,	,,
മുൻവർഷം കൂടുതൽ ഉപയോഗിച്ചത്	..	428	,,	,,
ബാക്കി	..	6822	,,	,,
കേരള ഷോളയാറിൽ നിന്ന് മാറ്റി വാങ്ങിച്ചത്	..	1000	,,	,,
ആകെ ഉപയോഗിച്ചത്	..	7823	,,	,,
കൂടുതൽ ഉപയോഗിച്ചത്	..	1	,,	,,

LIBRARY ARCHIVES Kerala Legislative Assembly

2001-2002			
മുൻവർഷത്തെ 1 ദശലക്ഷം ഘനയടി കഴിച്ച്, ബാക്കി	..	7249 ദശലക്ഷം ഘനയടി	
ഉപയോഗിച്ചത്	..	7215	,, ,,
കുറവ് ഉപയോഗം	..	34	,, ,,
2002-2003			
കഴിഞ്ഞവർഷത്തെ 34 ദശലക്ഷംഘനയടികൂടി ചേർത്ത് അവകാശപ്പെട്ടത്	..	7284	,, ,,
ഉപയോഗിച്ചത്	..	6245	,, ,,
ബാക്കി ഇനി ലഭിക്കേണ്ടത്	..	1039	,, ,,

കരാർപ്രകാരം പറമ്പിക്കുളം ഗ്രൂപ്പുഡാമുകളിൽനിന്നും 16.5 ടി. എം. സി. ജലം തമിഴ്നാടിന് ലഭ്യമാക്കിയ ശേഷം അതിനുമുകളിലുള്ള .2.5 ടി. എം. സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ പറമ്പിക്കുളം ഗ്രൂപ്പിൽ നിന്നും ഇതുവരെയുള്ള ജല ലഭ്യതയുടെ കണക്കു പരിശോധിക്കുമ്പോൾ ശരാശരി 10.52 ടി. എം. സി. ജലമാണ് തമിഴ്നാടിന് ലഭിക്കുന്നത്. തന്മൂലം കേരളത്തിന് പ്രസ്തുത ഗ്രൂപ്പിൽനിന്നും ജലം ഒട്ടുംതന്നെ ലഭിക്കുന്നില്ല.

(സി) ഉപയോഗത്തിൽ വരുന്ന കുറവും കൂടുതലും അതാതു സമയത്തെ ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡ് തീരുമാനപ്രകാരം അടുത്ത വർഷത്തെ കണക്കിൽ ഉൾപ്പെടുത്തുകയാണ് പതിവ്. പറമ്പിക്കുളം ഗ്രൂപ്പ്ഡാമുകളിൽനിന്നും കേരളത്തിനു ലഭിക്കേണ്ട ജലം ലഭിക്കുന്നതിനുള്ള നടപടികൾ കരാർ പുനരവലോകന സമയത്ത് കൈക്കൊള്ളുന്നതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പാലക്കാട് ജില്ലയിലെ മണക്കടവ് വിയറിനു മുകൾഭാഗത്ത് നിന്നും തമിഴ്നാട് കൃഷിക്കാർ ജലം ചോർത്തുന്നത് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) മണക്കടവ് വിയറിനു മുകൾഭാഗത്ത് നിരവധി പമ്പുസെറ്റുകൾ സ്ഥാപിച്ച് തമിഴ്നാട് കൃഷിക്കാർ വെള്ളം ചോർത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത പമ്പിംഗ് അടിയന്തിരമായി നിർത്തിവയ്ക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ നദികളിൽ നിന്നും വെള്ളം തിരിച്ചുവിടാനുള്ള ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തമിഴനാട് നടത്തുന്നുണ്ടോ എന്ന് പരിശോധിക്കുവാനായി വനം വകുപ്പിലേയും ജലസേചന വകുപ്പിലേയും കെ. എസ്. ഇ. ബി. ഇ.-യിലേയും ഉദ്യോഗസ്ഥൻമാരുടെ ഒരു ടാസ്ക് ഫോഴ്സ് കേരള സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം കാലാകാലങ്ങളിൽ സംയുക്തപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാറുണ്ട്.

(ജി) തമിഴ്നാട് ഗവൺമെന്റിൽനിന്നും മറുപടി ലഭിച്ചിട്ടില്ല.

(എച്ച്) ഇല്ല. പ്രശ്നങ്ങൾ പരസ്പരം ബന്ധപ്പെട്ട് പരിഹരിക്കാമെന്ന് ഗവൺമെന്റ് പ്രത്യാശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly